**QP CODE** **Enrollment Number: .................**

**H1155** **Name: ...................................**

**B.A DEGREE EXAMINATIONS, MARCH 2026**

**Sixth Semester**

**B.A. Malayalam Language and Literature**

**B21ML06DC – മലയാളനോവൽ**

**(2022 Admissions)**

**(Supplementary)**

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും പത്തു ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം.**

1. കഥാപ്രവാഹത്തെ പ്രതിരോധിക്കുന്ന ശിലാഖണ്ഡം എന്ന് ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തെ വിശേഷിപ്പിച്ചതാര്?
2. 'ആധുനിക സാഹിത്യത്തിലെ ഏറ്റവും അധികം വ്യക്തിത്വമുള്ള സാഹിത്യകാരനാണ് ബഷീർ' എന്ന നിരീക്ഷണം നടത്തിയതാര്?
3. മാറുന്ന മലയാളം നോവൽ ആരുടെ കൃതിയാണ്?
4. വൈത്തിപ്പട്ടർ ഏത് നോവലിലെ കഥാപാത്രമാണ്?
5. മാർത്താണ്ഡവർമ്മ നോവൽ പ്രസിദ്ധീകരിച്ച വർഷം.
6. എൻ.പി. മുഹമ്മദുമായി ചേർന്ന് എം. ടി രചിച്ച നോവൽ.
7. ബഷീറിന്റെ ഏത് നോവലിനെ അടിസ്ഥാനമാക്കിയുള്ള സിനിമയാണ് മതിലുകൾ.
8. തകഴിയുടെ രചനകളെ സ്വാധീനിച്ച പാശ്ചാത്യ നോവലിസ്റ്റ് ആര്?
9. മലയാളിമെമ്മോറിയലുമായി ബന്ധപ്പെട്ട മലയാള നോവലിസ്റ്റ്.
10. ബഷീർ കൃതികളിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാര്?
11. മലയാള സ്ത്രീയെ മദാമ്മ വേഷം കെട്ടിച്ചതാണ് ചന്തുമേനോന്റെ ഇന്ദുലേഖ എന്ന് അഭിപ്രായപ്പെട്ടതാര്?
12. ബഷീറിന്റെ ആത്മകഥയുടെ പേരെന്ത്?
13. ദലിത് എന്ന പദത്തിൻറെ ഏതെങ്കിലും ഒരുവാച്യാർത്ഥം എഴുതുക.
14. ആലാഹയിൽ സർവ്വവ്യാപിയായി നിൽക്കുന്ന കഥാപാത്രത്തിന്റെ പേരെന്ത്?
15. ഇന്ദുലേഖയുടെ രചനയെ സ്വാധീനിച്ച പാശ്ചാത്യനോവൽ.

**(1X10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതം.**

16. വെള്ളിയാങ്കല്ല് മിത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

17. എം.ടി യുടെ രചനാ ശൈലിയുടെ സവിശേഷതകൾ എന്തെല്ലാം?
18. ദേശ ചരിത്രം 'മയ്യഴി'യിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതെങ്ങനെ?
19. പാണ്ഡവപുരം എന്ന നോവലിൽ അവതരിപ്പിക്കുന്ന പുരാവൃത്തകഥകളുടെ സാംഗത്യം എന്ത്?
20. ജയമോഹന്റെ ഭാഷാശൈലിയുടെ പ്രത്യേകതകൾ വിവരിക്കുക.
21. ചേരിനിവാസികളുടെ ജീവിത ദുരിതങ്ങൾ 'ആലാഹയുടെ പെൺമക്കളി'ൽ ആവിഷ്കരിക്ക പ്പെട്ടിരിക്കുന്നതെങ്ങനെ?
22. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
23. മലയാളത്തിൽ നോവൽ എന്ന സാഹിത്യരൂപം  കടന്നു വരാനിടയായ സാഹചര്യം വ്യക്തമാക്കുക.
24. ചരിത്ര നോവലുകളുടെ സവിശേഷതകൾ എന്തെല്ലാം?
25. ബഷീറിന്റെ ഭാഷാശൈലിയുടെ സവിശേഷതകൾ വിവരിക്കുക.

**(2X5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ ഉത്തരം എഴുതുക.  അഞ്ചു മാർക്ക് വീതം.**

26. രണ്ടു തലമുറയുടെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷമാണ് ഇന്ദുലേഖയിൽ ദൃശ്യമാകുന്നത്. വിശദമാക്കുക.
27. മയ്യഴിയിൽ നടന്ന വിമോചന സമരത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു?
28. പാണ്ഡവപുരം എന്ന നോവലിൻറെ പ്രമേയപരമായ സവിശേഷതകൾ വിശദീകരിക്കുക.
29. ഫ്യൂഡൽ അന്തരീക്ഷത്തിൽനിന്ന് ആധുനികതയിലേക്കുള്ള മാറ്റത്തെ അനാവരണം ചെയ്യുന്നതാണ് ബഷീറിന്റെ രചനകൾ പാത്തുമ്മായുടെ ആടിനെ ആസ്പദമാക്കി വിശകലനം ചെയ്യുക.
30. 'നാലുകെട്ട് 'ആ കാലഘട്ടത്തിലെ സാമൂഹ്യവ്യവസ്ഥയെ പ്രതിഫലിപ്പിക്കുന്നുണ്ടോ? വിശദമാക്കുക.
31. നൂറുസിംഹാസനങ്ങൾ എന്ന പേര് നോവലിന് എത്രത്തോളം ഇണങ്ങുന്നുണ്ടെന്ന് പരിശോധിക്കുക.
32. അലാഹയുടെ പെൺമക്കൾ എന്ന നോവലിന്റെ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലം വിവരിക്കുക.
33. സ്വത്തിനും മുതലിനും വേണ്ടി മനുഷ്യത്വം നഷ്ടപ്പെടുത്തിയ മനുഷ്യരുടെ ദുരന്തം നാലുകെട്ടിൽ ദർശിക്കാം. വിശദമാക്കുക.
34. മലയാള നോവലിലെ ആധുനികതയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു? വിശദീകരിക്കുക.
35. നവോത്ഥാനം കേരളത്തിലെ സാമൂഹിക ബന്ധങ്ങളിലും വൈയക്തികജീവിതത്തിലും വരുത്തിയ പരിവർത്തനങ്ങളുടെ ദർപ്പണം കൂടിയാണ് ഇന്ദുലേഖ. വിശദമാക്കുക.
36. ചന്തുമേനോന്റെ കഥാപാത്രസൃഷ്ടിവൈഭവം ഇന്ദുലേഖയെ ആസ്പദമാക്കി നിരൂപിക്കുക.

# QP CODE

# H1155

37. **സ്നേഹംകൊണ്ട് ജീവിതത്തിലെ ഏത് ഇരുണ്ട വശത്തെയും പ്രകാശമാനമാക്കാമെന്ന ഒരു ദർശനം ബഷീറിന് ഉണ്ടായിരുന്നു. പാത്തുമ്മായുടെ ആടിനെ ആസ്പദമാക്കി അപഗ്രഥിക്കുക.**

**(5X6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്തു മാർക്ക് വീതം**

38. **നൂറുസിംഹാസനങ്ങൾ എന്ന നോവലിന്റെ പ്രമേയപരമായ സാമൂഹിക പ്രസക്തി ചർച്ച ചെയ്യുക.**
39. **എം.ടിയുടെ നോവൽ പ്രപഞ്ചത്തിന്റെ സമഗ്രസൗന്ദര്യം നാലുകെട്ട് എന്ന നോവലിൽ ദർശിക്കാവുന്നതാണ് - ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.**
40. **വേദനയും ഫലിതവും തമ്മിലുള്ള കൂട്ടിയിണക്കലാണ് പാത്തുമ്മയുടെ ആടിനെ പ്രിയങ്കരമാക്കുന്നത്. വിശദമാക്കുക**
41. **സ്ത്രീപക്ഷ നോവൽ എന്ന നിലയിൽ ആലാഹയുടെ പെൺമക്കളുടെ സവിശേഷതകൾ വിവരിക്കുക.**

**(10X2=20)**